# CAREER Updates
# പത്രവൃത്താന്തം

**18.09.2024 (ബുധൻ)**




- ⇨ 2024-ലെ ഏഷ്യൻ ചാമ്പ്യൻസ് ലീഗ് ഹോക്കി കിരീടം നേടിയത്
- ✔ ഇന്ത്യ
- ● ഫൈനലിൽ ചൈനയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ 2024-ലെ ഏഷ്യൻ ചാമ്പ്യൻസ് ലീഗ് ഹോക്കി കിരീടം നേടിയത്. ടൂർണമെന്റിൽ ഇന്ത്യയുടെ അഞ്ചാം കിരീടമാണിത്. ഏറ്റവും കൂടുതൽ തവണ ഏഷ്യൻ ചാമ്പ്യൻസ് ലീഗ് ഹോക്കി കിരീടം നേടുന്ന ടീമും ഇന്ത്യയാണ്.
- ● 2024-ലെ ഏഷ്യൻ ചാമ്പ്യൻസ് ലീഗ് ഹോക്കി ടൂർണമെന്റിൽ മൂന്നാം സ്ഥാനം നേടിയത് പാകിസ്ഥാൻ ആണ്. ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻപ്രീത് സിങ് ആണ് ടൂർണമെന്റിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടത്.

- ⇨ ഇന്ത്യൻ വനിതാ സീനിയർ ഫുട്ബോൾ ടീം മുഖ്യ പരിശീലകനായി 2024 സെപ്തംബറിൽ നിയമിതയായത്
- ✔ സന്തോഷ് കാശ്യപ്
- ● മലയാളിയായ പി.വി. പ്രിയയാണ് സഹ പരിശീലകനായി നിയമിക്കപ്പെട്ടത്.

CAREER GUIDANCE BUREAU

- ⇨ 2024 സെപ്തംബറിൽ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ മേധാവിയായി നിയമിതനായ ഐ.പി.എസ്. ഉദ്യോഗസ്ഥൻ
- ✔ അനുരാഗ് ഗാർഗ്
- ⇨ പുരുഷ-വനിതാ താരങ്ങൾക്ക് തുല്യമായി സമ്മാനത്തുക നൽകാൻ 2024 സെപ്തംബറിൽ തീരുമാനമെടുത്ത അന്താരാഷ്ട്ര കായിക സംഘടന
- ✔ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ
- ⇨ 2024-ലെ പായിപ്പാട് ജലോത്സവത്തിൽ കിരീടം നേടിയ ചുണ്ടൻ വള്ളം
- ✔ കാരിച്ചാൽ ചുണ്ടൻ
- ⇨ 2024 സെപ്തംബറിൽ ജോർദ്ദാന്റെ പ്രധാനമന്ത്രിയായി നിയമിതനായത്
- ✔ ജാഫർ ഹസൻ
- ⇨ ലോകമെമ്പാടുമുള്ള സംഘർഷ-പകർച്ചവ്യാധി മേഖലകളിൽ ആതുര സഹായമെത്തിക്കുന്ന സന്നദ്ധ സംഘടനയായ ഡോക്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സിന്റെ പ്രവർത്തനം 2024 സെപ്തംബറിൽ അവസാനിപ്പിച്ചത് ഏത് രാജ്യത്താണ്?
- ✔ റഷ്യ
- ⇨ 2024 സെപ്തംബറിൽ എസൻസ് ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹനായ മലയാള സാഹിത്യകാരൻ
- ✔ കുരീപ്പുഴ ശ്രീകുമാർ
- ⇨ 2024 സെപ്തംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത, ഇന്ത്യയിലെ ആദ്യത്തെ വന്ദേ മെട്രോയ്ക്ക് നൽകപ്പെട്ട പേര്
- ✔ നമോഭാരത് റാപ്പിഡ് റെയിൽ

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999